പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 347

27/09/2016 ൽ

മറുപടിക്ക്

## മലബാർ സിമന്റ്സിന്റെ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വികസനം മുരടിച്ചുപോയ മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത സ്ഥാപനത്തെ വികസനത്തി ലേയ്ക്ക് നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കു വാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടി കളുടെ വിശദാംശം നൽകുമോ;<br><br>ബി) രൂക്ഷമായ സിമന്റ് ക്ഷാമം നേരിടുമ്പോൾ ഉല്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത സ്ഥാപനത്തെ വികസനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് മുൻ സർക്കാർ നടപടി സ്വീകരിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) & ബി) | മലബാർ സിമന്റ്സ് ലിമിറ്റഡ് തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ്. 2015-2016 വർഷത്തിൽ മാത്രം 6.48 ലക്ഷം ടൺ സിമന്റ് ഉല്പാദനവും 6.46 ലക്ഷം ടൺ വിപണനവും നടത്തിക്കൊണ്ട് മികച്ച ലാഭം നേടുവാൻ കമ്പനിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.<br>ഉല്പാദനവും വിപണനവും വർദ്ധിപ്പിച്ച് കൂടുതൽ ലാഭത്തിൽ പ്രവർത്തിക്കുന്നതിനാ യി അടഞ്ഞു കിടന്നിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് ( 2 ലക്ഷം ടൺ ഉല്പാദന ശേഷിയുള്ള) തുറന്ന് പ്രവർത്തന മാരംഭിച്ചു. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്ത് ക്ലിങ്കറും സിമന്റും ഇറക്കുമതി ചെയ്ത് കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി മലബാർ സിമന്റ്സിന്റെ വിപണി സാന്നിദ്ധ്യം 24 ശതമാനമായി ഉയർത്തുവാൻ കഴിയുമെ ന്നാണ് വിലയിരുത്തൽ. |
| സി) പ്രസ്തുത സ്ഥാപനത്തെ വികസനത്തി ലേയ്ക്ക് കൊണ്ടുവരുന്നതിൽ വീഴ്ച വരുത്തി യവർക്കെതിരെ നടപടി സ്വീകരിക്കുമോ? | സി) | ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ